കെ.എസ്.ആർ.ടി.സി. റൂട്ടുകളിൽ സ്വകാര്യ പാരലൽ സർവ്വീസുകൾ നിരോധിക്കാൻ നടപടി

*20 [110] ശ്രീ. യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കെ. എൻ. എ. ഖാദർ:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ സ്വകാര്യ വാഹനങ്ങൾ പാരലൽ സർവ്വീസുകൾ നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) പാരലൽ സർവ്വീസുകൾ നടത്തുന്നത് കാരണം കെ.എസ്.ആർ.ടി.സി. ക്കുള്ള വരുമാനം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തി പാരലൽ സർവ്വീസുകാരെ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ സ്വകാര്യ വാഹനങ്ങൾ സർവ്വീസ് നടത്തുന്നത് തടയാൻ മോട്ടോർ വാഹന വകുപ്പുദ്യോഗസ്ഥൻമാർ പോലീസ് വകുപ്പുമായി സഹകരിച്ച് പ്രത്യേക സ്കോഡുകൾ രൂപീകരിച്ച് ഇത്തരം വാഹനങ്ങൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുക, പെർമിറ്റ് സസ്പെന്റ് ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്. പാരലൽ സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ പാരലൽ സർവ്വീസു കാരെ ഒഴിവാക്കുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം കിട്ടുന്നതിനും യാത്ര ക്കാർക്ക് മെച്ചപ്പെട്ട യാത്രാ സംവിധാനം ഒരുക്കുന്നതിനും വേണ്ടി മിനി ബസ് സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. മിനി ബസ്സുകളുടെ ലഭ്യത അനുസരിച്ച് പാരലൽ സർവ്വീസ് നടത്തുന്ന എല്ലാ റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. മറ്റു സർവ്വീസുകളോ ടൊപ്പം മിനി ബസ് സർവ്വീസുകളും നടത്തുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly